28
2024
സെപ്റ്റംബർ
ശനി
കന്നി 12

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം | Thiruvananthapuram | web: www.nauticaltimesmedia.com | Volume-5, Issue No.274 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-274 | പേജ് 4. വില 2.00 രൂപ

02 സിനിമ,സീരിയൽ രംഗത്ത് അവസര സമത്വം ഉറപ്പു വരുത്തും :മന്ത്രി സജി ചെറിയാൻ
03 ലൈഫ് സയൻസസ് പാർക്കുകൾ സംസ്ഥാനത്തുടനീളം സ്ഥാപിക്കുമെന്ന് മുഖ്യമന്ത്രി
04 വാസൻ ഐൽ വിപുലീകരിച്ച ഗ്ലോക്കോമ കെയർ

# അനധികൃത വലകൾ ഉപയോഗിച്ചാൽ കർശന നടപടി

തിരുവനന്തപുരം : പെലാജിക് വല ഉൾപ്പെടെയുള്ള അനധികൃത വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനത്തിനെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്ന് ഫിഷറീസ് ഡയറക്ടർ അറിയിച്ചു. നിരോധിത പെലാജിക് വല ഉപയോഗിച്ച് ട്രോൾ ബോട്ടുകളും അനധികൃത വലകൾ ഉപയോഗിച്ച് പരമ്പരാഗത മത്സ്യബന്ധന യാനങ്ങളും വ്യാപകമായി മത്സ്യബന്ധനം നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. പെലാജിക്ക് വല ഉൾപ്പെടെയുള്ള നിരോധിത വലകളുടെ നിർമ്മാണം, സൂക്ഷിക്കൽ, ഗതാഗതം എന്നിവ കേരള മത്സ്യ



ബന്ധന നിയന്ത്രണ നിയമം (ഗങഎഞ അരഠ) വകുപ്പ് 4 ഉപവകുപ്പ് (1) പരിച്ഛേദം (ഇ) പ്രകാരം നിരോധിച്ചിട്ടുണ്ട്. ചെറുമത്സ്യങ്ങൾ ഉൾപ്പെടെ സംരക്ഷിക്കപ്പെടേണ്ട മത്സ്യങ്ങൾക്ക് വളരെയേറെ നാശം വരുത്തുന്ന ആയതിനാലാണ് പെലാജിക് വല ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിരോധിച്ചിരിക്കുന്നത്. ഈ വലകൾ ബോട്ടിൽ അല്ലെങ്കിൽ വള്ളത്തിൽ സൂക്ഷിക്കുകയോ ഉപയോഗിക്കുകയോ ചെയ്യുന്ന യാനങ്ങൾക്കെതിരെ 2.5 ലക്ഷം രൂപ വരെ പിഴ ഈടാക്കുകയും ബോട്ടിലുള്ള മത്സ്യം ലേലം ചെയ്ത് തുക സർക്കാരിലേയ്ക്ക് അടക്കുകയും ചെയ്യും. നിയമലംഘനം നിയന്ത്രണാതീതമാകുന്ന സാഹചര്യത്തിൽ യാനത്തിന്റെ ലൈസൻസ്/ സ്പെഷ്യൽ പെർമിറ്റ് റദ്ദ് ചെയ്യുകയോ രജിസ്ട്രേഷൻ റദ്ദുചെയ്യുകയോ ചെയ്യുന്നതാണ്. നിരോധിത വലകൾ നിർമിക്കുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും എതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കും.

പെലാജിക് വല ഉൾപ്പെടെയുള്ള നിരോധിത വലകളോ അനധികൃത വലകളോ സൂക്ഷിക്കുകയോ, ഉപയോഗിക്കുകയോ ചെയ്യുന്ന യാനങ്ങളെ കണ്ടെത്തുന്നതിനായി ഫിഷറീസ്, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ഇന്ത്യൻ കോസ്റ്റ് ഗാർഡ് എന്നിവർ സംയുക്തമായി ഹാർബറുകളിലും കടലിലും വ്യാപകമായ പരിശോധനകൾ നടത്തുന്നതും അത്തരം യാനങ്ങളെ കണ്ടുകെട്ടി കർശനമായ നിയമനടപടി എല്ലാ ജില്ലകളിലും സ്വീകരിക്കും.



# ലോക മറൈൻ ഭൂപടത്തിൽ വിഴിഞ്ഞം

തിരുവനന്തപുരം.വിഴിഞ്ഞം രാജ്യാന്തര തുറമുഖം കമ്മീഷൻ ചെയ്യുന്നതിന് ഒരു കടമ്പ കൂടി നാം മറികടന്നിരിക്കുന്നു. വിഴിഞ്ഞം തുറമുഖത്തിന്റെ നാവിഗേഷൻ ചാർട്ട് ജോയിന്റ് ചീഫ് ഹൈഡ്രോഗ്രാഫർ ഓഫ് ഇന്ത്യ റിയർ അഡ്മിറൽ പിയുഷ് പോസെ വിഴിഞ്ഞം തുറമുഖ പ്രതിനിധികൾക്ക് കൈമാറി. തുറമുഖവുമായി ബന്ധപ്പെട്ട മുഴുവൻ വിവരങ്ങളും അടങ്ങുന്നതാണ് ഈ ആധികാരിക മാർഗ്ഗരേഖ.

വിഴിഞ്ഞത്തേക്ക് എത്തിച്ചേരുന്ന കപ്പലുകൾക്കും മറ്റ് യാനങ്ങൾക്കും ബർത്തിങ് സമയത്ത് ആവശ്യമായ സുരക്ഷാ വിവരങ്ങളും മറ്റ് അനുബന്ധ രേഖകളും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഡെറാഡൂൺ നാഷണൽ ഹൈഡ്രോഗ്രാഫിക് ഓഫീസ് കഴിഞ്ഞ ഏപ്രിൽ മാസത്തിൽ ഇതുമായി ബന്ധപ്പെട്ട് വിശദമായ പഠനം നടത്തിയിരുന്നു. നേവിയുടെ ഒരു ഷിപ്പ് വിഴിഞ്ഞത്ത് വരികയും വിവരശേഖരണം നടത്തുകയും ചെയ്തു. ഈ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് നാവിഗേഷൻ ചാർട്ട് പ്രസിദ്ധീകരിച്ചത്.

നാവിഗേഷൻ ചാർട്ട് പ്രസിദ്ധപ്പെടുത്തുന്നതോടുകൂടി ലോക മറൈൻ ഭൂപടത്തിൽ വിഴിഞ്ഞത്തിന്റെ സ്ഥാനം അടയാളപ്പെടുത്തുകയാണ്. നിരന്തരമായ പഠനങ്ങളും, കൃത്യമായ വിവരശേഖരണവും ഒരുപാട് ഉദ്യോഗസ്ഥരുടെ കഠിനപ്രയത്നവും ഇതിന്റെ പിന്നിലുണ്ട്. ഇതിനായി പ്രവർത്തിച്ച എല്ലാ ഉദ്യോഗസ്ഥർക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

# ചെങ്കൊടി തൊട്ട് കളിക്കേണ്ട'; അൻവറിനെതിരെ സിപിഎം

നിലമ്പൂർ : സിപിഎം ബന്ധം അവസാനിപ്പിച്ച പി.വി.അൻവർ എംഎൽഎയ്ക്ക് എതിരെ പ്രതിഷേധ പ്രകടനം. സിപിഎം നിലമ്പൂർ ഏരിയാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നിലമ്പൂർ ടൗണിലാണു പ്രതിഷേധം സംഘടിപ്പിച്ചത്.

'ചെങ്കൊടി തൊട്ട് കളിക്കേണ്ട' എന്ന വാചകം എഴുതിയ, അൻവറിന്റെ ഫോട്ടോ ഉൾപ്പെടുത്തിയ ബാനറുമായിട്ടായിരുന്നു പ്രതിഷേധം. മലപ്പുറത്തെ 18 ഏരിയാ കമ്മിറ്റികളും പ്രതിഷേധം സംഘടിപ്പിക്കുന്നുണ്ട്.'സിപിഎമ്മിനെ ദുർബലപ്പെടുത്താൻ ശ്രമിച്ചിട്ടില്ല; ജനം പിന്തുണച്ചാൽ പുതിയ പാർട്ടി': അൻവർ

'രാജിവയ്ക്കൂ പുറത്തു പോകൂ' എന്ന മുദ്രാവാക്യം പ്രതിഷേധ പ്രകടനത്തിൽ ഉയർന്നു. വരും ദിവസങ്ങളിലും പ്രതിഷേധം ഉണ്ടാകുമെന്നു നേതാക്കൾ മാധ്യമങ്ങളോട് പറഞ്ഞു. എഡ!ിജിപി എം.ആർ.അജിത് കുമാറിനെയും മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി പി.ശശിയെയും വിമർശിച്ച അൻവർ മുഖ്യമന്ത്രിക്കു നേരെ തിരിഞ്ഞതോടെയാണു പാർട്ടി കൈവിട്ടത്. അൻവറുമായി ഇനി ബന്ധമില്ലെന്നു പാർട്ടി സെക്രട്ടറി എം.വി.ഗോവിന്ദൻ വാർത്താ സമ്മേളനത്തിൽ പ്രഖ്യാപിച്ചു.

അൻവറിന്റെ നിലപാടിനെതിരെ പാർട്ടിയെ സ്നേഹിക്കുന്നവരും പ്രവർത്തകരും രംഗത്തിറങ്ങണമെന്നും പാർട്ടി സെക്രട്ടറി വ്യക്തമാക്കി. അൻവറിന്റെ നിലപാടുകൾക്കു സമൂഹമാധ്യമത്തിൽ സ്വീകാര്യത ലഭിച്ചതോടെയാണ് പാർട്ടി നിലപാട് കർശനമാക്കിയത്.

# കേരള ആരോഗ്യ രംഗത്തെ അഭിനന്ദിച്ച് നീതി ആയോഗ്

കേരളത്തിന്റെ ആരോഗ്യ രംഗത്തെ അഭിനന്ദിച്ച് നീതി ആയോഗ് മെമ്പർ ഡോ. വിനോദ് കെ. പോൾ. കുട്ടികളുടെ ആരോഗ്യത്തിൽ കേരളം മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തുന്നത്. മാതൃമരണ നിരക്കും ശിശുമരണ നിരക്കും കുറയ്ക്കാൻ കഴിഞ്ഞത് നേട്ടമാണ്. രാജ്യത്ത് ഏറ്റവും കുറവ് മാതൃമരണ നിരക്കും ശിശുമരണ നിരക്കുമുള്ള സംസ്ഥാനമാണ് കേരളം. വയോജനങ്ങളുടെ ആരോഗ്യ പരിപാലനത്തിൽ കേരളം നടത്തുന്ന പ്രവർത്തനങ്ങളേയും അദ്ദേഹം അഭിനന്ദിച്ചു. സംസ്ഥാന ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജുമായി സെക്രട്ടറിയേറ്റിൽ നടന്ന കൂടിക്കാഴ്ചയിലാണ് നീതി ആയോഗ് മെമ്പർ കേരളത്തിന്റെ നേട്ടങ്ങളെ അഭിനന്ദിച്ചത്.കേരളത്തിന്റെ ആരോഗ്യ രംഗത്ത് വലിയ വികസന പ്രവർത്തനങ്ങളാണ് നടന്നു വരുന്നതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. വികസന പ്രവർത്തനങ്ങൾക്കൊപ്പം രോഗ പ്രതിരോധത്തിനും കേരളം വലിയ പ്രാധാന്യം നൽകുന്നു. അർഹമായ കേന്ദ്ര വിഹിതം സമയബന്ധിതമായി ലഭ്യമാക്കുന്നതിലൂടെ കൂടുതൽ പ്രവർത്തനങ്ങൾ നടത്താനാകും. ഫീൽഡ്തല പ്രവർത്തനങ്ങൾ ഫലപ്രദമായി നടക്കുന്നതിന് ഈ തുക ആവശ്യമാണ്.

ബിപിഎൽ വിഭാഗത്തിലുള്ള എല്ലാവരേയും ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് കേന്ദ്ര ആരോഗ്യ മന്ത്രിയുമായി അടുത്തിടെ ചർച്ച നടത്തിയിരുന്നു. നിലവിൽ 23 ലക്ഷത്തോളം ആളുകളാണ് കേന്ദ്രത്തിന്റെ പട്ടികയിലുള്ളത്. എന്നാൽ സംസ്ഥാനത്ത് അതിന്റെ ഇരട്ടിയോളം ആളുകൾക്കാണ് ചികിത്സാ സഹായം നൽകുന്നത്. ആ വിഹിതം സംസ്ഥാനമാണ് വഹിക്കുന്നത്. ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ കേന്ദ്ര വിഹിതം കൂട്ടണമെന്നും മന്ത്രി അഭ്യർത്ഥിച്ചു. കേരളത്തിന്റെ ആരോഗ്യ രംഗത്തെ സംബന്ധിച്ച വിവിധ വിഷയങ്ങളും ചർച്ചയായി. ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻഎച്ച്എം സ്റ്റേറ്റ് പ്രോഗ്രാം മാനേജർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.



# മാരിടൈംലോയിൽ ഗൗതം വിശ്വത്തിന് ഒന്നാം റാങ്ക്

ഗുജറാത്ത് മാരിടൈം ലോ യൂണിവേഴ്സിറ്റിയിൽ 2024 മെയ് ൽ നടന്ന മാസ്റ്റർ ഓഫ് മാരിടൈം ലോ (LLM Maritime Law) യിൽ ഒന്നാം റാങ്ക് തിരുവനതപുരം പട്ടം വിശ്വസംഗീതം വീട്ടിൽ അഡ്വ. ഗൗതം വിശ്വം കരസ്ഥമാക്കി...

മാരിടൈം വിദഗ്ധനും, ലോക മലയാളി കൗൺസിൽ ബ്ളൂ ഇക്കോണമി ഫോറം ഗ്ലോബൽ ചെയർമാൻ,ട്രിവാൻഡ്രറും ചേംബർ ഓഫ് കോമേഴ്സ് എക്സിക്യൂട്ടീവ് മെമ്പർ, മാരിടൈം ബിസിനസ് ബുള്ളറ്റിൻ ചീഫ് എഡിറ്റർ, അഡ്വ. ശ്രീ നാണുവിശ്വനാഥന്റെയും, വെള്ളായണി കാർഷിക കോളേജ് അസി. പ്രൊഫ. ഡോ. കെ . ജി സംഗീത വിശ്വനാഥന്റെയും മകൻ ആണ് . സിദ്ധാർത്ഥ് വിശ്വം സഹോദരൻ..



# വൈപ്പിനിൽ പ്രതിഷേധം

വൈപ്പിൻ : ഒരു കാലത്തു പാവപ്പെട്ട മത്!സ്യത്തൊഴിലാളികൾ കുടിപാർത്തിരുന്നതും, പിൽക്കാലത്ത് മത്സ്യത്തൊഴിലാളി കുടുംബങ്ങൾ വിലയ്ക്കു വാങ്ങി, കരമടച്ചു, കൈവശം വച്ചു, വീടുകളും ആരാധനാലയങ്ങളും പണിതു ജീവിച്ചു വരുന്നവരുടെ പട്ടയങ്ങളുടെ മേൽ അവകാശം സ്ഥാപിച്ചെടുക്കാൻ 1995 ലെ വഖഫ് നിയമത്തെ ദുരുപയോഗം ചെയ്യുന്നു എന്ന ഗുരുതരമായ ആരോപണമാണ് മുനമ്പം ചെറായി വിഷയമായി ഉയർന്നു വരുന്നത്.

മുനമ്പം കടപ്പുറം ജനതയുടെ തീറ് ഭൂമി തിരിച്ചു നൽകുക. ഭരണഘടന വിരുദ്ധമായ വഖഫ് നിയമം തിരുത്തുക. ജനപ്രതിനിധികൾ വേട്ടക്കാർക്ക് ഒപ്പം നില്കാതെ ഇരകളായ പാവം ജനങ്ങൾക്ക് ഒപ്പം നില്ക്ക്കുക കെ.സി.വൈ.എം ലാറ്റിൻ സംസ്ഥാന പ്രസിഡന്റ് കാസി പൂപ്പന പ്രതിഷേധ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു കൊണ്ട് സംസാരിച്ചു. ഡയറക്ടർ ഫാ. ജിജു ജോർജ് അറക്കത്തറ, ജനറൽ സെക്രട്ടറി അനുദാസ് സി എൽ , വൈസ് പ്രസിഡന്റ്മാരായ മീഷ്മ ജോസ്, അക്ഷയ് അലക്സ് , ട്രഷറർ അനീഷ് യേശുദാസ്, സെക്രട്ടറി മാരായ മാനുവൽ ആന്റണി, അലീന ജോർജ് എന്നിവർ സംസാരിച്ചു.



# 2026 ഓടെ കേരളത്തിലെ വയോജനങ്ങൾ ആകെ ജനസംഖ്യയുടെ 25% ആകും: മന്ത്രി

2026ഓടെ കേരളത്തിലെ വയോജനങ്ങളുടെ എണ്ണം സംസ്ഥാനത്തിന്റെ ജനസംഖ്യയുടെ 25 ശതമാനം ആകുന്ന സാഹചര്യത്തെ സംസ്ഥാന സർക്കാർ ഗൗരവകരമായി കാണുന്നതായി ഉന്നതവിദ്യാഭ്യാസ സാമൂഹികനീതി വകുപ്പു മന്ത്രി ഡോ.ആർ.ബിന്ദു പറഞ്ഞു. ഇന്ത്യയിലെ വയോജന പരിചരണത്തിലെ ശാക്തീകരണം എന്ന വിഷയത്തിൽ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും മറ്റ് പങ്കാളികളുടേയും കൂടിയാലോചനയും കാഴ്ചപ്പാടുകളും തേടുന്നതിനായി, നീതി ആയോഗ് സ്റ്റേറ്റ് സപ്പോർട്ട് മിഷന് കീഴിൽ തിരുവനന്തപുരം ഐ.എം.ജിയിൽ നടന്ന ദേശീയ ശിൽപശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

നമ്മുടെ വയോജനങ്ങൾ അന്തസ്സോടെയും അഭിമാനത്തോടെയും ജീവിക്കുന്നുവെന്ന് ഉറപ്പാക്കാൻ ഇപ്പോൾ തന്നെ പ്രവർത്തിച്ചു തുടങ്ങേണ്ടതുണ്ട്. ഇന്ത്യയിലെ ഇതര ഭാഗങ്ങളെ അപേക്ഷിച്ച് വയോജനങ്ങളുടെ എണ്ണം വർധിക്കുന്ന സംസ്ഥാനമെന്ന നിലയിൽ സമഗ്രമായ ഒരു പരിചരണ ചട്ടക്കൂട് ആവശ്യമാണ്. വർദ്ധിച്ചുവരുന്ന വയോജന ജനസംഖ്യ ഉയർത്തുന്ന വെല്ലുവിളികളെ നേരിടാൻ രാജ്യത്തുടനീളമുള്ള നയരൂപീകരണ വിദഗ്ധർ, വിശിഷ്ട വ്യക്തികൾ എന്നിവർ ശിൽപശാലയിൽ ഒരുമിക്കുന്നു എന്നത് സന്തോഷകരമാണ്. നിലവിൽ, ഇന്ത്യയിലെ മൊത്തം ജനസംഖ്യയുടെ 11.1 ശതമാനം 60 വയസ്സിന് മുകളിലുള്ളവരാണ് എന്നാണ് കണക്കാക്കുന്നത്. അണുകുടുംബ ഘടനയിലേക്ക് സമൂഹം മാറിക്കഴിഞ്ഞതിനാൽ ഉപയോഗിച്ച ശേഷം ഉപേക്ഷിക്കുക എന്ന രീതി കുടുംബബന്ധങ്ങളിലും കാണുന്നുണ്ട്. പ്രായമായവരുടെ വർദ്ധിച്ചുവരുന്ന സാമൂഹിക, ആരോഗ്യ സംരക്ഷണ ആവശ്യങ്ങളിൽ ശിൽപശാല ശ്രദ്ധ കേന്ദ്രീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ശാരീരിക ആരോഗ്യത്തോടൊപ്പം വയോജനങ്ങളുടെ മാനസികവും സാമൂഹികവുമായ ക്ഷേമത്തെ അഭിസംബോധന ചെയ്യേണ്ടത് പ്രധാനമാണ്. വയോജനങ്ങൾ പലരും ഏകാന്തതയും അവഗണനയും നേരിടുന്നു. നിരവധി പ്രധാന സംരംഭങ്ങളിലൂടെ മുതിർന്നവരോടുള്ള പരിചരണത്തിലെ സജീവമായ സമീപനത്തിന് കേരളം പ്രശംസിക്കപ്പെട്ടിട്ടുണ്ട്.

സാമൂഹികവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനും ഏകാന്തത കുറയ്ക്കുന്നതിനുമായി മുതിർന്നവർക്കുള്ള ഡേകെയർ സെന്ററുകൾ വിപുലീകരിക്കുന്ന സായംപ്രഭ പദ്ധതി, പ്രതിസന്ധിയിലായ മുതിർന്നവർക്ക് അടിയന്തര വൈദ്യസഹായവും പിന്തുണയും നൽകുന്ന വയോരക്ഷ പദ്ധതി, സർക്കാർ വൃദ്ധസദനങ്ങളിൽ താമസിക്കുന്നവർക്ക് സൗജന്യ ആയുർവേദ ചികിത്സയും സാന്ത്വന പരിചരണവും വാഗ്ദാനം ചെയ്യുന്ന വായോമൃതം സംരംഭം, ഡിമെൻഷ്യയും അൽഷിമേഴ്സും ബാധിച്ച മുതിർന്നവരെ സഹായിക്കാൻ മെമ്മറി ക്ലിനിക്കുകൾ സ്ഥാപിക്കുന്ന ഓർമ്മത്തോണി പദ്ധതി എന്നിവ സംസ്ഥാനത്തിന്റെ വയോജന സംരക്ഷണത്തിന്റെ മികച്ച മാതൃകകളാണ്. മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും പരിപാലനവും ക്ഷേമവും സംബന്ധിച്ച നിയമം (M-a-in-ten-an-c-e an-d W-e-l-f-ar-e o-f P-ar-en-ts an-d S-en-ior C-i-tiz-en-s A-c-t) ഊർജിതമായി നടപ്പിലാക്കാൻ ശ്രമിക്കുകയാണ്. മെച്ചപ്പെട്ട വയോജന പരിചരണം നൽകുന്നതിന് പരിചരിക്കുന്നവർക്കും ഹോം നഴ്സുമാർക്കും സമഗ്രമായ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. വയോജന ക്ഷേമത്തിൽ കേരളം മുന്നിലുണ്ടാകുമെന്ന് ഉറപ്പാക്കിക്കൊണ്ട് നയവും പ്രയോഗവും തമ്മിലുള്ള വിടവ് നികത്താനുള്ള പരിപാടികൾ ശിൽപശാല ആസൂത്രണം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. വയോജനങ്ങൾക്കായി നിലവിലുള്ള സംരംഭങ്ങൾ വിപുലീകരിക്കാനും വയോജന പരിചരണത്തിനായി പുതിയ തന്ത്രങ്ങൾ വികസിപ്പിക്കാനുമുള്ള ശ്രമങ്ങൾ സംസ്ഥാന സർക്കാർ തുടരുകയാണെന്നും മന്ത്രി പറഞ്ഞു.

നിതി ആയോഗ് മെഡിക്കൽ സീനിയർ അഡ്വൈസർ രജിബ് കുമാർ സെൻ സ്വാഗതമാശംസിച്ചു. നീതി ആയോഗ് മെഡിക്കൽ വിഭാഗം അംഗം ഡോ. വി കെ പോൾ, സാമൂഹിക നീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പുനിത്കുമാർ, അഡീഷണൽ സെക്രട്ടറി കരാലിൻ ഘോങ്വാർ എന്നിവർ സംബന്ധിച്ചു.



# സിനിമ,സീരിയൽ രംഗത്ത് അവസര സമത്വം ഉറപ്പു വരുത്തും :മന്ത്രി സജി ചെറിയാൻ

മലയാള സിനിമയിലും സീരിയൽ രംഗത്തും എല്ലാ വിഭാഗങ്ങളിലും സ്ത്രീ പുരുഷ തുല്യതയും അവസര സമത്വവും ഉറപ്പു വരുത്താനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണെന്ന് സാംസ്കാരിക വകുപ്പുമന്ത്രി സജി ചെറിയാൻ. സാങ്കേതിക രംഗത്ത് സ്ത്രീപ്രാതിനിധ്യം വർധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി ആവിഷ്കരിച്ച തൊഴിൽപരിശീലനപരിപാടി ഈ ദിശയിലുള്ള നൂതനമായ ചുവടുവെപ്പാണെന്ന് മന്ത്രി പറഞ്ഞു. സെപ്റ്റംബർ 27,28,29 തീയതികളിലായി തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ നടക്കുന്ന ഓറിയന്റേഷൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

ചലച്ചിത്ര അക്കാദമി ചെയർമാൻ പ്രേംകുമാർ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കെ.എസ്.എഫ്.ഡി.സി ചെയർമാൻ ഷാജി എൻ. കരുൺ, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് ചെയർമാൻ മധുപാൽ, കേരള നോളജ് എക്കണോമി മിഷൻ ഡയറക്ടർ ഡോ.പി.എസ്. ശ്രീകല, വനിതാ വികസന കോർപ്പറേഷൻ ഡയറക്ടർ ബിന്ദു വി.സി, സർവവിജ്ഞാനകോശം ഡയറക്ടർ ഡോ.മ്യൂസ് മേരി ജോർജ്, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ എം സത്യൻ, ഡബ്ബിങ് ആർട്ടിസ്റ്റ് ഭാഗ്യലക്ഷ്മി, അക്കാദമി ജനറൽ കൗൺസിൽ അംഗം കുക്കു പരമേശ്വരൻ, സെക്രട്ടറി സി.അജോയ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി തെരഞ്ഞെടുക്കപ്പെട്ട 30 വനിതകളാണ് ക്യാമ്പിൽ പങ്കെടുക്കുന്നത്. പ്രൊഡക്ഷൻ മാനേജ്മെന്റ്, ലൈറ്റിംഗ്, ആർട്ട് ആന്റ് ഡിസൈൻ, കോസ്റ്റ്യൂം, മേക്കപ്പ്, പോസ്റ്റ് പ്രൊഡക്ഷൻ സൂപ്പർവിഷൻ, മാർക്കറ്റിംഗ് ആന്റ് പബ്ളിസിറ്റി എന്നീ മേഖലകളിലാണ് പരിശീലനം നൽകുന്നത്. നടിയും കോസ്റ്റ്യൂം ഡിസൈനറുമായ കുക്കു പരമേശ്വരനാണ് ക്യാമ്പ് ഡയറക്ടർ. ക്യാമ്പിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർക്കായി തീവ്രപരിശീലനപരിപാടി സംഘടിപ്പിക്കും. തുടർന്ന് സിനിമകളുടെ വിവിധ സാങ്കേതിക വിഭാഗങ്ങളിൽ പ്രവർത്തിക്കാനുള്ള അവസരം നൽകും. മൂന്നു ദിവസങ്ങളിലായി നടക്കുന്ന ക്യാമ്പിൽ ഫിലിം എഡിറ്റർ ബീനാപോൾ, ഡബ്ബിംഗ് ആർട്ടിസ്റ്റ് ഭാഗ്യലക്ഷ്മി, ജില്ലാ ഗവൺമെന്റ് പ്ളീഡർ ഡോ.ടി. ഗീനാകുമാരി, ഫിലിം മാർക്കറ്റിംഗ് ഡിസൈനർ ഡോ.സംഗീത ജനചന്ദ്രൻ, ഛായാഗ്രാഹകൻ കെ.ജി ജയൻ, നിർമ്മാതാക്കളായ ജി.സുരേഷ് കുമാർ, ജി.പി വിജയകുമാർ, മേക്കപ്പ് ആർട്ടിസ്റ്റ് മിറ്റ എം.സി, കലാസംവിധായകൻ അനീസ് നാടോടി, പ്രൊഡക്ഷൻ ഡിസൈനർ ജോസഫ് നെല്ലിക്കൽ, പബ്ളിസിറ്റി ഡിസൈനർ ആന്റണി സ്റ്റീഫൻ എന്നിവർ വിവിധ സെഷനുകൾ നയിക്കും.

# എം പോക്സ് രോഗ ലക്ഷണങ്ങൾ ഉള്ളവർ കൃത്യമായ ചികിത്സ തേടണം: മന്ത്രി

സംസ്ഥാനത്ത് വീണ്ടും എംപോക്സ് സ്ഥിരീകരിച്ച സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി. രോഗിയുമായി സമ്പർക്കത്തിൽ വന്നവരുടെ സമ്പർക്ക പട്ടിക തയ്യാറാക്കി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമായിട്ടുണ്ട്. രോഗലക്ഷണങ്ങൾ പ്രകടമായതിന് ശേഷമാണ് പ്രധാനമായും രോഗം പകരുന്നത്. അതിനാൽ രോഗലക്ഷണങ്ങളുണ്ടായാൽ അത് മറ്റുള്ളവരിലേക്ക് പകരാതിരിക്കാൻ വളരെയേറെ ശ്രദ്ധിക്കണം. വിദേശ രാജ്യങ്ങളിൽ നിന്നും വരുന്നവർക്ക് എന്തെങ്കിലും രോഗലക്ഷണങ്ങൾ ഉണ്ടായാൽ ചികിത്സ തേടുകയും ആരോഗ്യ വകുപ്പിനെ വിവരം അറിയിക്കുകയും വേണം. എല്ലാ ജില്ലകളിലും ഐസൊലേഷൻ സൗകര്യം ഒരുക്കിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

കൂടുതൽ കേസുകളുടെ സാധ്യത മുന്നിൽ കണ്ട് എല്ലാ ജില്ലകളിലും കൂടുതൽ ഐസൊലേഷൻ സൗകര്യങ്ങളൊരുക്കാൻ മന്ത്രി നിർദേശം നൽകി. എയർപോർട്ടുകളിലുൾപ്പെടെ അവബോധം ശക്തിപ്പെടുത്തണം. കോവിഡ് 19, എച്ച്1 എൻ1 ഇൻഫ്ളുവൻസ എന്നിവയെപ്പോലെ പോലെ വായുവിലൂടെ പകരുന്ന ഒരു രോഗമല്ല എം പോക്സ്. രോഗം ബാധിച്ച വ്യക്തിയുമായി മുഖാമുഖം വരിക, നേരിട്ട് തൊലിപ്പുറത്ത് സ്പർശിക്കുക, ലൈംഗിക ബന്ധത്തിലേർപ്പെടുക, ചുംബിക്കുക, രോഗി ഉപയോഗിച്ച കിടക്ക, വസ്ത്രം എന്നിവ ഉപയോഗിക്കുക തുടങ്ങിയവയിലൂടെ രോഗപ്പകർച്ചക്കുള്ള സാധ്യത വളരെയേറെയാണ്.

ത്വക് രോഗ വിദഗ്ധരുടെ യോഗം ചേർന്നിരുന്നു. ഐഎംഎയുടെ സഹകരണത്തോടെ സ്വകാര്യ മേഖലയിലെ ഫിസിഷ്യൻ, പീഡിയാട്രീഷ്യൻ, ഡെർമറ്റോളജിസ്റ്റ് എന്നിവരെ കൂടി ഉൾപ്പെടുത്തി യോഗം ചേരും. പ്രായമായവർ, കുട്ടികൾ, ഗർഭിണികൾ എന്നിവരെ പ്രത്യേകം ശ്രദ്ധിക്കണം. ഫീൽഡ് തല ആരോഗ്യ പ്രവർത്തകർ ജാഗ്രതയോടെയിരിക്കണം. പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന് ഫീൽഡ് ആരോഗ്യ പ്രവർത്തകരുടെ യോഗം ഉടനെ വിളിച്ച് ചേർക്കുനതാണ്.

പനി, തീവ്രമായ തലവേദന, കഴലവീക്കം, നടുവേദന, പേശി വേദന, ഊർജക്കുറവ് എന്നിവയാണ് എം പോക്സിന്റെ പ്രാരംഭ ലക്ഷണങ്ങൾ. പനി തുടങ്ങി ഒരാഴ്ചയ്ക്കുള്ളിൽ ദേഹത്ത് കുമിളകളും ചുവന്ന പാടുകളും പ്രത്യക്ഷപ്പെടാൻ തുടങ്ങുന്നു. മുഖത്തും, കൈകാലുകളിലുമാണ് കൂടുതൽ കുമിളകൾ കാണപ്പെടുന്നത്. ഇതിനുപുറമെ കൈപ്പത്തി, ജനനേന്ദ്രിയം എന്നീ ശരീരഭാഗങ്ങളിലും ഇവ കാണപ്പെടാം.

അസുഖബാധിതരായ ആൾക്കാരുമായി സുരക്ഷാ മാർഗങ്ങൾ അവലംബിക്കാതെ അടുത്തിടപഴകുന്ന ആൾക്കാർക്കാണ് എംപോക്സ് ഉണ്ടാകുന്നത്. വൈറസ് ബാധയുണ്ടെന്ന് സംശയിക്കുന്നതോ സ്ഥിരീകരിച്ചതോ ആയ രോഗികളെ പരിചരിക്കുന്ന ആരോഗ്യ പ്രവർത്തകരും രോഗബാധിതരുടെ സ്രവങ്ങൾ കൈകാര്യം ചെയ്യുന്നവരും രോഗപ്പകർച്ച ഒഴിവാക്കുന്നതിനായി നിർബന്ധമായും നിർദേശിച്ചിട്ടുള്ള അണുബാധ നിയന്ത്രണ മുൻകരുതലുകൾ സ്വീകരിക്കണം. ആരോഗ്യ പ്രവർത്തകർ രോഗികളെയോ അവരുടെ വസ്തുക്കളെയോ സ്പർശിച്ച ശേഷം കൈകൾ സാനിറ്റൈസർ അല്ലെങ്കിൽ സോപ്പും വെള്ളവും ഉപയോഗിച്ച് വൃത്തിയാക്കണം.

ആരോഗ്യ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരോടൊപ്പം ജില്ലാ മെഡിക്കൽ ഓഫീസർമാർ, ജില്ലാ പ്രോഗ്രാം മാനേജർമാർ, ജില്ലാ സർവൈലൻസ് ഓഫീസർമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# കേരളത്തിലെ ഉറുമ്പുകൾ: ശില്പശാല നടത്തി ഉറുമ്പകൾ പ്രകൃതിയിലെ കാലാവസ്ഥാ സൂചകങ്ങൾ

ഇത്തരികുഞ്ഞനെങ്കിലും ഉറുമ്പുകളുടെ ലോകം അതിവിശാലവും വൈവിധ്യം നിറഞ്ഞതുമാണെന്ന് ഡോ കലേഷ് സദാശിവൻ. പ്രകൃതിയിലെ കാലാവസ്ഥാ സൂചകങ്ങളായി പോലും ഇവ പ്രവർത്തിക്കുന്നുണ്ട്.

വനം വകുപ്പിന്റെയും ട്രാവൻകൂർ നേചർ ഹിസ്റ്ററി സൊസൈറ്റിയുടെയും ആഭിമുഖ്യത്തിൽ പി ടി.പി. നഗർ അരണ്യം ഹാളിൽ സംഘടിപ്പിച്ച ഉറുമ്പുകളെക്കുറിച്ചുള്ള ശില്പശാലയിലാണ് (ആന്റ് കോൺ) അദ്ദേഹം ഉറുമ്പുകളുടെ വിജ്ഞാനലോകം അനാവരണം ചെയ്തത്.

ഇരപിടിക്കുന്ന പുൽച്ചാടി പോലുള്ള ജീവികളെ മൂന്നു മാസത്തോളം കൊല്ലാതെ സൂക്ഷിക്കാനുതകുന്ന "കുത്തിവയ്പ്' ഉറുമ്പുകളെ വൈദ്യശാസ്ത്രത്തിനും പ്രിയങ്കരമാക്കുന്നു. പരിക്കേൾക്കുന്ന ഉറുമ്പുകളുടെ കൈകാലുകൾ മറ്റുറുമ്പുകൾ ഓപ്പറേഷൻ ചെയ്തുമാറ്റി അണുപ്രസരണം തടയുന്ന വാർത്ത ശാസ്ത്രലോകം ഏറെ കൗതുകത്തോടെയാണ് നോക്കികണ്ടത്. കൃത്യമായ ഷിഫ്റ്റ് സംവിധാനത്തിൽ നിരന്തരമായി ജോലി നോക്കുന്നതു കൊണ്ടാണ് ഉറുമ്പുകൾ ഉറങ്ങാറില്ലെന്ന തെറ്റിദ്ധാരണ ഉണ്ടായത്. തന്റെ ഭാരത്തിന്റെ 50 ഇരട്ടി ഭാരംവരെ വഹിക്കാൻ ശേഷിയുള്ള ഉറുമ്പുകളുടെ കഴിവുകൾ കൂടുതൽ പഠന വിധേയമാക്കേണ്ടതുണ്ട്. ചോനനുറുമ്പും നെയ്യുറുമ്പും പണം കൊണ്ടുവരുമെന്നു പറയപ്പെടുന്ന കറുത്ത ഉറുമ്പുകളും വിദേശികളാണെന്ന് പറഞ്ഞാൽ വിശ്വസിക്കാൻ പ്രയാസമായിരിക്കും. അന്തരീക്ഷ താപത്തിന് അനുസരിച്ച് താമസസ്ഥലം മാറുന്ന ഉറുമ്പുകളെ നിരീക്ഷിച്ച് കാലാവസ്ഥ നിർണയിക്കാൻ സാധിക്കും. കോളനികളായി കൂട്ടമായി താമസിക്കുന്ന ഉറുമ്പുകളുടെ സഹവർത്തിത്വം ടീം മാനേജ്മെന്റ് പഠനത്തിനും സഹായകര മായിട്ടുണ്ടെന്നും ഡോ കലേഷ് പറഞ്ഞു. ചീഫ് വൈൽഡ് ലൈഫ് വാർഡൻ പ്രമോദ് ജി കൃഷ്ണൻ ശില്പശാല ഉദ്ഘാടനം ചെയ്തു. ഐ എച്ച് ആർ.ഡി ചീഫ് കൺസർവേറ്റർ വിനോദ് കുമാർ, ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ ജസ്റ്റിൻ സ്റ്റാൻലി, എഫ്. ഐ. ബി. ഡയറക്ടർ ജെ. ആർ. അനി, തിരുവനന്തപുരം സോഷ്യൽ ഫോറസ്റ്ററി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ സജു എസ് നായർ, തിരുവനന്തപുരം വൈൽഡ് ലൈഫ് വാർഡൻ എസ്.വി.വിനോദ് തുടങ്ങിയവർ സംസാരിച്ചു.

# സ്കൂൾ കായികമേളയുടെ ഭാഗ്യ ചിഹ്നം അണ്ണാറക്കണ്ണൻ 'തക്കുടു'

കേരള സ്കൂൾ കായികമേള കൊച്ചി'24 ന്റെ ലോഗോ പ്രകാശനവും ഭാഗ്യചിഹ്നത്തിന്റെ പ്രകാശനവും മന്ത്രിമാരായ പി രാജീവും വി ശിവൻകുട്ടിയും തിരുവനന്തപുരത്ത് നിർവഹിച്ചു; മേളയുടെ ഭാഗ്യചിഹ്നം അണ്ണാറക്കണ്ണൻ 'തക്കുടു' ആണ്.

സവിശേഷ കഴിവുകൾ ഉള്ള കുട്ടികളേയും ഉൾപ്പെടുത്തി ലോകത്തിന് മാതൃകയാകുന്ന ഇൻക്ലൂസീവ് സ്പോർട്സ് ഈ വർഷത്തെ സംസ്ഥാന സ്കൂൾ കായികമേളയുടെ പ്രത്യേകതയാണെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. രാജ്യത്ത് ആദ്യമായാണ് സ്കൂൾ കായികമേള ഇത്രയും വിപുലമായി സംഘടിപ്പിക്കുന്നത്. മേളയിൽ 20000 ത്തിലധികം കായിക പ്രതിഭകളും സവിശേഷ കഴിവുള്ള രണ്ടായിരത്തോളം കായിക പ്രതിഭകളും പങ്കെടുക്കുന്നുണ്ട്. ഈ വർഷം കുട്ടികളുടെ പങ്കാളിത്തം കൊണ്ട് ലോകത്തിലെ ഏറ്റവും വലിയ കായികമേളയാകുവാനുള്ള സാധ്യതയുണ്ട് . സംസ്ഥാനത്തിന്റെ കായിക ചരിത്രത്തിലെ നവോത്ഥാനത്തിന് നാന്ദികുറിക്കുവാൻ ഈ മേളയിലൂടെ സാധിക്കുമെന്നാണ് പ്രതീക്ഷ.

നവംബർ 4 മുതൽ 11വരെ കൊച്ചി നഗരത്തിലെ 19 വേദികളിലായാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. നവംബർ 4 ന് വൈകുന്നേരം കലൂർ അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ വിപുലമായ ചടങ്ങുകളോടെയാണ് മത്സരം ആരംഭിക്കുന്നത്. സമാപനം നവംബർ11 ന് മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ നടക്കും. എറണാകുളം ജില്ലയിലെ തെരഞ്ഞെടുത്ത 50 സ്കൂളുകളിൽ കുട്ടികൾക്ക് മികച്ച താമസ സൗകര്യം ഒരുക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ സ്വീകരിച്ചുവരുന്നതായും മന്ത്രി പറഞ്ഞു. പുതിയ കാലത്തെ കായിക പ്രതിഭകളെ കണ്ടെത്താനുള്ള മേളക്ക് എറണാകുളത്ത് ക്രമീകരണങ്ങൾ അതിവേഗം പൂർത്തീകരിക്കുകയാണെന്ന് വ്യവസായ നിയമ വകുപ്പ് മന്ത്രി പി രാജീവ് പറഞ്ഞു.

# സർക്കാർ ജീവനക്കാർക്ക് കോഴ്സുകളിൽ ചേരുന്നതിനുള്ള ദൂരപരിധി ഒഴിവാക്കി

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് സായാഹ്ന കോഴ്സുകളിലും പാർട്ട് ടൈം കോഴ്സുകളിലും വിദൂര വിദ്യാഭ്യാസ ഓൺലൈൻ കോഴ്സുകളിലും പങ്കെടുക്കുന്നതിന് നിശ്ചിയിച്ചിരുന്ന 30 കിലോമീറ്റർ ദൂരപരിധി ഒഴിവാക്കി. ജോലി ചെയ്യുന്ന സ്ഥാപനവുമായി 30 കിലോമീറ്റർ ദൂരത്തിനകത്തുള്ള സ്ഥാപനങ്ങളിൽ മാത്രമേ ഉപരിപഠനത്തിന് അനുമതി നൽകാൻ പാടുള്ളു എന്ന നിബന്ധന പ്രായോഗിക ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതിനാൽ അത് ഒഴിവാക്കണമെന്നാവശ്യപ്പെട്ട് വിവിധ വകുപ്പുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സർക്കാരിന് അപേക്ഷകൾ ലഭിച്ചതിന്റെ പശ്ചാത്തലത്തിലാണ് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് പുതിയ ഉത്തരവിറക്കിയത്. ഇത്തരത്തിൽ അനുമതി നൽകുമ്പോൾ പാർട്ട് ടൈം കോഴ്സുകൾ ഓൺലൈനായോ പ്രവൃത്തിദിവസങ്ങളിൽ ക്ലാസുകൾ ഇല്ലാത്തതോ ആണെന്നും ഉണ്ടെങ്കിൽ ഉദ്യോഗസ്ഥൻ കോഴ്സിന് ചേരുന്നത് ഓഫീസ് പ്രവർത്തന സമയം ഓഫീസിൽ ഹാജരായിരിക്കുന്നതിനു തടസ്സമാകില്ലെന്നും ബന്ധപ്പെട്ട അധികാരികൾ ഉറപ്പുവരുത്തണമെന്നും ഉത്തരവിൽ അറിയിച്ചു.

# ഫയൽ അദാലത്ത് ഒക്ടോബർ 15ന്

ജില്ലാതല ഫയൽ അദാലത്തുകൾക്കുശേഷം സെപ്റ്റംബർ 30ന് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ സംഘടിപ്പിക്കാൻ നിശ്ചയിച്ചിരുന്ന സംസ്ഥാനതല ഫയൽ അദാലത്ത് ഒക്ടോബർ 15ലേക്ക് മാറ്റി.

# പേരൂർക്കട സ്കൂൾ ഹോക്കി ടീമിനെ സംസ്ഥാനതല മത്സരത്തിൽ പങ്കെടുപ്പിക്കണം: ബാലാവകാശ കമ്മീഷൻ

പേരൂർക്കട ഗവ. ഗേൾസ് ഹയർസെക്കണ്ടറി സ്കൂൾ ഹോക്കി ടീമിനെ നാളെ (28.09.2024) മുതൽ കൊല്ലത്ത് നടക്കുന്ന സംസ്ഥാനതല നെഹ്റു കപ്പ് ഹോക്കി മത്സരത്തിൽ പങ്കെടുപ്പിക്കാൻ ബാലാവകാശ കമ്മീഷൻ ഉത്തരവായി. അടുത്ത അധ്യയന വർഷം മുതൽ സ്പോർട്സ് കലണ്ടർ തയ്യാറാക്കുമ്പോൾ കുട്ടികൾക്ക് മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് കൃത്യമായ ഇടവേളകൾ ലഭിക്കുന്നു എന്ന് ഉറപ്പു വരുത്താനും കമ്മീഷൻ അംഗം എൻ. സുനന്ദ പുറപ്പെടുവിച്ച ഉത്തരവിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി.

കുട്ടികളെ ഇടവേളകളില്ലാതെ മത്സരിപ്പിക്കേണ്ടിവരുന്നത് അവരെ മാനസികമായും ശാരീരികമായും സമ്മർദ്ദത്തിലാക്കുകയും അവരുടെ കഴിവുകൾ പൂർണമായി പ്രകടിപ്പിക്കാൻ കഴിയാതെ വരികയും ചെയ്യുമെന്ന് കമ്മിഷൻ നിരീക്ഷിച്ചു. സ്കൂളിലെ യു.പി.എച്ച്.എസ് വിഭാഗം കുട്ടികൾ തുടർച്ചയായി 3 മത്സരങ്ങൾ കളിക്കേണ്ടിവരികയും വിശ്രമമില്ലാതെ കളിക്കേണ്ടിവന്നതിനാൽ പലമത്സരങ്ങളിലും പരാജയപ്പെടുത്തുകയും ചെയ്തത് ചൂണ്ടിക്കാട്ടി കമ്മീഷന് ലഭിച്ച പരാതിയിന്മേലാണ് ഉത്തരവ്.

ഇതിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് 45 ദിവസത്തിനകം സമർപ്പിക്കാനും കമ്മീഷൻ നിർദ്ദേശം നൽകി.

# 1245 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു

സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 1245 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു. ഇതിനായുള്ള ലേലം ഒക്ടോബർ 1ന് റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇകുബേർ സംവിധാനം വഴി നടക്കും. ലേലം സംബന്ധിച്ച വിജ്ഞാപനത്തിനും (നമ്പർ: എസ്.എസ്1/413/2024ഫിൻ. തിയതി 26.09.2024) വിശദാംശങ്ങൾക്കും ധനവകുപ്പിന്റെ വെബ്സൈറ്റ് (ംംം.ളശിമിരല.സലൃമഹമ.ഴീ.ശി) സന്ദർശിക്കുക.



ബയോകണക്ട് കോൺക്ലേവ് 2.0 മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി ഉദ്ഘാടനം ചെയ്യുന്നു.

# ലൈഫ് സയൻസസ് പാർക്കുകൾ സംസ്ഥാനത്തുടനീളം സ്ഥാപിക്കുമെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: ആരോഗ്യസംരക്ഷണം, വ്യവസായം, ഗവേഷണം എന്നിവയെ സമന്വയിപ്പിച്ച് കേരളത്തിന്റെ മറ്റു മേഖലകളിലും ലൈഫ് സയൻസസ് പാർക്കുകൾ സ്ഥാപിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കേരളത്തിലെ പ്രധാന ലൈഫ് സയൻസ് കോൺക്ലേവായ ബയോ കണക്റ്റിന്റെ രണ്ടാമത് എഡിഷൻ ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വിജ്ഞാനാധിഷ്ഠിത സമൂഹത്തെ ശക്തിപ്പെടുത്തുന്നതിൽ ലൈഫ് സയൻസസ് പാർക്കുകൾക്ക് വളരെയധികം പ്രാധാന്യമുണ്ട്. ബയോടെക്നോളജിയിലും ആരോഗ്യ പരിരക്ഷാ ഉപകരണരംഗത്തെ ഇന്നൊവേഷനുകൾക്കും ഊന്നൽ നൽകുകയാണ് ഇത്തരം പാർക്കുകളിലൂടെ ലക്ഷ്യമിടുന്നത്. തിരുവനന്തപുരം തോന്നയ്ക്കലിലെ ബയോ 360 ലൈഫ് സയൻസസ് പാർക്കുകൂടാതെ സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിലും ലൈഫ് സയൻസസ് പാർക്കുകൾ സ്ഥാപിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം.

നിപ വൈറസ്, കോവിഡ്19 തുടങ്ങിയ രോഗങ്ങളും പ്രകൃതി ദുരന്തങ്ങളും ഉൾപ്പെടെയുള്ള ആരോഗ്യ പ്രതിസന്ധികളെ തരണം ചെയ്യുന്നതിനും പ്രതിരോധിക്കുന്നതിനും കേരളം സ്വീകരിച്ച മാർഗങ്ങൾ ആരോഗ്യ സംരക്ഷണത്തിലും ബയോടെക്നോളജിയിലും മുന്നേറ്റത്തിനുള്ള വഴിതുറക്കൽകൂടിയായിരുന്നു. മൈക്രോബയോം, ന്യൂട്രാസ്യൂട്ടിക്കൽസ്, ജീനോം ഗവേഷണം എന്നിവയിൽ മികവിന്റെ കേന്ദ്രങ്ങൾക്കും സംസ്ഥാനം തുടക്കമിട്ടുകഴിഞ്ഞു. ലൈഫ് സയൻസ് രംഗത്തെ ഗവേഷണത്തിലും വികസനത്തിലും ഇന്നൊവേഷൻ ഹബ്ബാക്കി സംസ്ഥാനത്തെ മാറ്റുന്നതിന് ആരോഗ്യ സംരക്ഷണത്തെ വ്യവസായവുമായി ബന്ധിപ്പിക്കുകയാണ് പാർക്കുകളിലൂടെ ലക്ഷ്യമിടുന്നത്.

## വ്യാവസായിക വളർച്ചയെ ഉത്തേജിപ്പിക്കുന്നു

രാജ്യത്തെ മെഡിക്കൽ ഉപകരണ വ്യവസായത്തിൽ 25 ശതമാനം വരുന്ന കേരളത്തിന്റെ സംഭാവന വരുംവർഷങ്ങളിൽ ഇരട്ടിയാക്കി ഉയർത്തുമെന്ന് വ്യവസായ വകുപ്പു മന്ത്രി പി. രാജീവ് പറഞ്ഞു. ബയോ കണക്ട് 2.0 യിൽ അധ്യക്ഷപ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം.

കേരളത്തിന്റെ വൈവിധ്യമാർന്ന ജീവജാലങ്ങളും ഭൂപ്രകൃതിയും മികച്ച മനുഷ്യവിഭവശേഷിയും ലൈഫ് സയൻസ് മേഖലയിലെ ഗവേഷണ വികസനപ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടായിരിക്കുമെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. ശാസ്ത്ര ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനും കണ്ടെത്തലുകളെ വാണിജ്യ സംരംഭങ്ങളാക്കി മാറ്റുന്നതിനും ബയോ 360 ലൈഫ് സയൻസസ് പാർക്കിൽ സിഎസ്ഐആർഎൻഐഐഎസ്ടിയുടെ സെന്റർ ഫോർ ഇന്നൊവേഷൻ, ടെക്നോളജി, ആൻഡ് എൻട്രപ്രണർഷിപ്പ് സ്ഥാപിക്കാൻ ധാരണയായിട്ടുണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്കിംഗിൽ കേരളം ഒന്നാം സ്ഥാനത്തേക്ക് ഉയർന്നത് അനുകൂലമായ നിക്ഷേപ അന്തരീക്ഷം കെട്ടിപ്പടുക്കുന്നതിന് ഏറെ സഹായകമായിട്ടുണ്ട് രാജീവ് പറഞ്ഞു.

## വൈറൽ രോഗങ്ങൾക്കെതിരെ ദീർഘകാല പദ്ധതി

വൈറൽ രോഗങ്ങളെ ചെറുക്കുന്നതിനുള്ള കേരളത്തിന്റെ ദീർഘകാല പദ്ധതികളുടെ കേന്ദ്രമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയെ മാറ്റുമെന്ന് ആരോഗ്യ വകുപ്പു മന്ത്രി വീണ ജോർജ് പറഞ്ഞു. ആരോഗ്യ അത്യാഹിതങ്ങൾ കൈകാര്യം ചെയ്യുന്നതിൽ കേരളം വൈദഗ്ധ്യം തെളിയിച്ചുകഴിഞ്ഞു. നിപ, കൊവിഡ് 19 തുടങ്ങിയ പ്രതിസന്ധികൾ കേരളം വിജയകരമായി കൈകാര്യം ചെയ്തത് പൊതുജനാരോഗ്യ രംഗത്തെ പ്രതിരോധപ്രവർത്തനങ്ങൾക്ക് കൃത്യമായ മാനദണ്ഡം പുലർത്തിക്കൊണ്ടാണ്. മനുഷ്യരേയും മൃഗങ്ങളേയും പാരിസ്ഥിതിക ആരോഗ്യത്തേയും സമന്വയിപ്പിക്കുന്ന 'വൺ ഹെൽത്ത്' എന്ന ആശയത്തിനുകീഴിൽ ലൈഫ് സയൻസസിന്റെ ആഗോള കേന്ദ്രമാകാൻ കേരളത്തിനു സാധിക്കുമെന്ന് വീണ ജോർജ് പറഞ്ഞു.

കേരള വ്യവസായ വികസന കോർപ്പറേഷന്റെ (കെഎസ്ഐഡിസി) അനുബന്ധ സ്ഥാപനമായ കേരള ലൈഫ് സയൻസസ് ഇൻഡസ്ട്രീസ് പാർക്ക് (കെഎൽഐപി) ആതിഥേയത്വം വഹിക്കുന്ന പരിപാടിയിൽ ലൈഫ് സയൻസ് മേഖലയിലെ ശാസ്ത്രജ്ഞരും ഗവേഷകരും വ്യവസായ പ്രമുഖരും പങ്കെടുക്കുന്നുണ്ട്.

ഭാരത് ബയോടെക് ഇന്റർനാഷണൽ ലിമിറ്റഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. കൃഷ്ണ എല്ല മുഖ്യപ്രഭാഷണം നടത്തി. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്, കെഎസ്ഐഡിസി മാനേജിംഗ് ഡയറക്ടർ എസ്. ഹരികിഷോർ, കിൻഫ്ര മാനേജിംഗ് ഡയറക്ടർ സന്തോഷ് കോശി തോമസ്, കെഎൽഐപി ഡയറക്ടർ ബോർഡ് അംഗങ്ങളായ സി. പത്മകുമാർ, ഡോ. സി എൻ രാംചന്ദ്, കെഎസ്ഐഡിസി എക്സിക്യൂട്ടീവ് ഡയറക്ടർ ആർ.ഹരികൃഷ്ണൻ, കേരള ലൈഫ് സയൻസ് പാർക്ക് സിഇഒ ഡോ. കെ.എസ്. പ്രവീൺ എന്നിവർ പ്രസംഗിച്ചു.

# പട്ടികജാതി വിഭാഗത്തിലെ 68 പേർക്ക് ആരോഗ്യവകുപ്പിൽ അപ്രന്റീസായി നിയമനം

പട്ടികജാതി വിഭാഗത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ ഉന്നമനം ലക്ഷ്യമിട്ട് ദീർഘവീക്ഷണമുള്ള പദ്ധതികളാണ് സർക്കാർ നടപ്പാക്കുന്നതെന്ന് പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗ വികസന വകുപ്പ് മന്ത്രി ഒ.ആർ കേളു പറഞ്ഞു. ഇന്നത്തെ കാലത്ത് തൊഴിൽമേഖല ലോകത്താകമാനമായി വ്യാപിച്ചിരിക്കുന്നുവെന്നും അവസരങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിന് ഉദ്യോഗാർത്ഥികൾക്ക് കഴിയണമെന്നും മന്ത്രി പറഞ്ഞു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട നഴ്സിങ്, പാരാമെഡിക്കൽ ബിരുദ/ഡിപ്ലോമാധാരികളായ യുവതിയുവാക്കൾക്ക് സർക്കാർ ആശുപത്രികളിൽ അപ്രന്റീസായുള്ള നിയമന ഉത്തരവ് കൈമാറുന്നതിന്റെ ജില്ലാതല ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

നഴ്സിങ് / പാരമെഡിക്കൽ ബിരുദധാരികൾക്ക് പ്രായോഗിക പരിശീലനം നൽകി മികവുറ്റ ജോലി കരസ്ഥമാക്കുന്നതിന് പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ, സർക്കാർ ആശുപത്രികളിൽ താത്കാലികാടിസ്ഥാനത്തിൽ പരിശീലനം നൽകുന്ന പദ്ധതി പ്രകാരം 68 പേർക്കാണ് അപ്രന്റിസ് നിയമന ഉത്തരവ് നൽകിയത്.

ജില്ലയിലെ വിവിധ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, താലൂക്ക്, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികൾ, ജനറൽ ആശുപത്രി, ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിലായി ബി.എസ്.സി നഴ്സിങ്, ജനറൽ നഴ്സിങ് യോഗ്യതയുള്ള 56 പേരെ അപ്രന്റിസ് നഴ്സായും, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് അംഗീകരിച്ച മെഡിക്കൽ കോഴ്സുകൾ പാസായ 12 പേരെ പാരമെഡിക്കൽ അപ്രന്റീസായുമാണ് നിയമിച്ചിരിക്കുന്നത്. രണ്ട് വർഷമാണ് പരിശീലന കാലയളവ്. ബി.എസ്.സി നഴ്സിങ് യോഗ്യതയുള്ളവർക്ക് പ്രതിമാസം 18,000 രൂപയും ജനറൽ നഴ്സിങ് യോഗ്യതയുള്ളവർക്ക് പ്രതിമാസം 15,000 രൂപയും പാരാമെഡിക്കൽ അപ്രന്റീസുമാർക്ക് പ്രതിമാസം 12,000 രൂപയും ഹോണറേറിയം നൽകും. പരിശീലന കാലയളവ് പൂർത്തിയാകുമ്പോൾ പ്രവർത്തി പരിചയ സർട്ടിഫിക്കറ്റും നൽകും.

പട്ടികജാതി വികസന വകുപ്പിന്റെ വെള്ളയമ്പലം പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ അഡീഷണൽ ഡയറക്ടർ വി.സജീവ് അധ്യക്ഷനായിരുന്നു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.ബിന്ദുമോഹൻ, ജില്ലാ നഴ്സിങ് ഓഫീസർ ജയശ്രീ പി കുഞ്ഞച്ചൻ, ജില്ലാ പട്ടികജാതി വികസന ഓഫീസർ മീനാറാണി.എസ് എന്നിവരും പങ്കെടുത്തു.

# പ്രൊഫഷണൽ ഡിപ്ലോമാ ഇൻ ഫാർമസി, ഹെൽത്ത് ഇൻസ്പെക്ടർ ആൻഡ് പാരാമെഡിക്കൽ കോഴ്സ് പ്രവേശനം

സർക്കാർ/സ്വാശ്രയ സ്ഥാപനങ്ങളിലെ 202425 വർഷത്തെ പ്രൊഫഷണൽ ഡിപ്ലോമാ ഇൻ ഫാർമസി, ഹെൽത്ത് ഇൻസ്പെക്ടർ ആൻഡ് പാരാമെഡിക്കൽ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ് പ്രകാരം അപേക്ഷ ക്ഷണിച്ചു. എൽ.ബി.എസ് സെന്റർ ഡയറക്ടറുടെ www.l-b-sc-e-tnr-e.k-er-a-l-a.gov.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി സെപ്റ്റംബർ 24 മുതൽ ഒക്ടോബർ 15 വരെ അപേക്ഷിക്കാം. അപേക്ഷകർ ഓൺലൈൻ മുഖേനയോ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത ചെല്ലാൻ ഉപയോഗിച്ച് ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ഒരു ശാഖ വഴിയോ അപേക്ഷാഫീസ് അടയ്ക്കണം. അപേക്ഷാഫീസ് പൊതുവിഭാഗത്തിന് 600 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 300 രൂപയുമാണ്. ഓൺലൈൻ അപേക്ഷയുടെ ഫൈനൽ കൺഫർമേഷൻ ഒക്ടോബർ 17 ന് മുൻപ് ചെയ്തിരിക്കണം.

സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസും വിജ്ഞാപനവും എൽ.ബി.എസ് സെന്റർ ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കൂടുതൽ വിവരങ്ങൾക്ക്: 04712560363, 364.

# ലോക ഹരിത ഉപഭോക്തൃ ദിനാചരണം

ഉപഭോക്തൃകാര്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ലോക ഹരിത ഉപഭോക്തൃ ദിനം ആചരിക്കും. വസ്തുക്കളുടെ പുനരുത്പാദനവും പുനരുപയോഗവും മിതമായ ഉപയോഗവും സംബന്ധിച്ച അവബോധം സൃഷ്ടിക്കുക, ഹരിത ഉപഭോക്തൃ സംസ്കാരം വളർത്തിയെടുക്കുക എന്നിവയാണ് ദിനാചരണം കൊണ്ട് ഉദ്ദേശിക്കുന്നത്.

സെപ്റ്റംബർ 28ന് രാവിലെ 10.30ന് പട്ടം ലീഗൽ മെട്രോളജി ഭവനിൽ നഗരസഭാ ഡെപ്യൂട്ടി മേയർ അധ്യക്ഷനാകുന്ന ചടങ്ങിൽ വകുപ്പുമന്ത്രി ജി.ആർ. അനിൽ ദിനാചരണം ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മിഷൻ പ്രസിഡന്റ് പി.വി ജയരാജൻ മുഖ്യാതിഥി ആയി പങ്കെടുക്കുന്ന ചടങ്ങിൽ ലീഗൽ മെട്രോളജി കൺട്രോളർ വി.കെ അബ്ദുൾ കാദർ ആശംസകൾ അർപ്പിക്കും. തുടർന്ന് ഹരിത ഉപഭോഗവും കാലാവസ്ഥ പരിപാലനവും എന്ന വിഷയത്തെ ആസ്പദമാക്കി ഭൗമ പരിസ്ഥിതി ശാസ്ത്രജ്ഞനും ജലവിഭവ വകുപ്പ് മുൻ ഡയറക്ടറുമായ ഡോ. വി. സുബാഷ് ചന്ദ്രബോസ് പ്രഭാഷണം നടത്തും. ചടങ്ങിന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മിഷണർ മുകുന്ദ് ഠാക്കൂർ സ്വാഗതവും കെ. അജിത് കുമാർ, റേഷനിംഗ് കൺട്രോളർ നന്ദിയും രേഖപ്പെടുത്തും. ചടങ്ങിന്റെ ഭാഗമായി സുസ്ഥിര നിലനിൽപ്പിനായ ഹരിത ഉപഭോഗം എന്ന പോസ്റ്റർ പ്രകാശനവും നടത്തും.

# തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മെക്കാനിക്കൽ ത്രോമ്പക്ടമി വിജയകരം

## സർക്കാർ മെഡിക്കൽ കോളേജിൽ ഇന്റർവെൻഷൻ ന്യൂറോളജി വിഭാഗത്തിന്റെ കീഴിൽ ഇതാദ്യം

സംസ്ഥാനത്ത് സർക്കാർ മെഡിക്കൽ കോളേജിൽ ഇന്റർവെൻഷൻ ന്യൂറോളജി വിഭാഗത്തിന്റെ കീഴിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മെക്കാനിക്കൽ ത്രോമ്പക്ടമി വിജയകരമായി പൂർത്തിയാക്കി. സ്ട്രോക്ക് ബാധിച്ച തിരുവനന്തപുരം സ്വദേശിയായ 70 വയസുകാരനാണ് മെക്കാനിക്കൽ ത്രോമ്പക്ടമിയിലൂടെ രക്തക്കുഴലിലെ വലിയ ബ്ലോക്ക് മാറ്റിത്. സ്വകാര്യ ആശുപത്രിയിൽ ലക്ഷക്കണക്കിന് രൂപ ചെലവുള്ള ചികിത്സാ രീതിയാണ് മെഡിക്കൽ കോളേജിൽ അടിയന്തരമായി ചെയ്തത്. വിജയകരമായി ചികിത്സ പൂർത്തിയാക്കി രോഗി സുഖം പ്രാപിച്ചു വരുന്നു. മെഡിക്കൽ കോളേജിലെ മുഴുവൻ ടീം അംഗങ്ങളേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

കഴിഞ്ഞ ദിവസമാണ് കൈകാലുകൾക്ക് സ്വാധീനക്കുറവുമായി 70 വയസുകാരനെ മെഡിക്കൽ കോളേജ് ആശുപത്രി അത്യാഹിത വിഭാഗത്തിൽ എത്തിച്ചത്. പരിശോധനയിൽ സ്ട്രോക്ക് ആണെന്ന് കണ്ടെത്തി. ഉടൻ തന്നെ വിദഗ്ധ പരിശോധനകൾ നടത്തി കട്ടപിടിച്ച രക്തം അലിയിച്ച് കളയാനുള്ള ഐവി ത്രോംബോലൈസിസ് ചികിത്സ നൽകി. അതിന് ശേഷം വലിയ രക്തക്കുഴലിലെ ബ്ലോക്ക് മാറ്റാനായി മെക്കാനിക്കൽ ത്രോമ്പക്ടമി ചികിത്സ നടത്തി. വിജയകരമായ പ്രൊസീജിയറിന് ശേഷം രോഗി നിരീക്ഷണത്തിലാണ്.

ഇമറിറ്റസ് പ്രൊഫസർ ഡോ. തോമസ് ഐപ്പ്, ന്യൂറോളജി വിഭാഗം മേധാവി ഡോ. ചിത്ര, ഡോ. റാം മോഹൻ, ഡോ. സുനിൽ ഡി, ഡോ. ആർ. ദിലീപ്, ഡോ. പ്രവീൺ പണിക്കർ, ഡോ. രമ്യ പി., ഡോ. വിനീത വി.എസ്. എന്നിവരടങ്ങുന്ന ടീമാണ് ചികിത്സയ്ക്ക് മേൽനോട്ടം വഹിച്ചത്. മെക്കാനിക്കൽ ത്രോമ്പക്ടമി നടത്തിയ കോമ്പ്രിഹെൻസീവ് സ്ട്രോക്ക് സെന്ററിന്റേയും സ്ട്രോക്ക് കാത്ത് ലാബിന്റേയും നോഡൽ ഓഫീസറായ ഡോ. ആർ. ദിലീപിന്റെ നേതൃത്വത്തിലുള്ള ടീമിൽ ഡോ. അനന്ത പത്മനാഭൻ, ഡോ. ടോണി, ഡോ. നിഖില, ജിത, വിഷ്ണു, ജയകൃഷ്ണ എന്നിവർ ഉൾപ്പെട്ടിരുന്നു.

ആദ്യമായാണ് ഒരു സർക്കാർ മെഡിക്കൽ കോളേജിൽ ബാഹ്യ സഹായമില്ലാതെ നമ്മുടെ ഡോക്ടർമാർ മെക്കാനിക്കൽ ത്രോമ്പക്ടമി ചെയ്യുന്നത്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ന്യൂറോളജി വിഭാഗത്തെ കോമ്പ്രിഹെൻസീവ് സ്ട്രോക്ക് സെന്ററായി (സമഗ്ര പക്ഷാഘാത പരിചരണ വിഭാഗം) വികസിപ്പിച്ചെടുത്തിരുന്നു. ലോക പ്രശസ്ത ഇന്റർവെൻഷൻ ന്യൂറോളജിസ്റ്റ് ഡോ. സാക്കീർ ഹുസൈന്റെ നേതൃത്വത്തിലുള്ള ടചകഎ മായി ചേർന്ന് ഫെലോഷിപ്പ് പ്രോഗ്രാമും നടത്തുന്നുണ്ട്. പുതിയ ചികിത്സാ സംവിധാനങ്ങൾ മികച്ച രീതിയിൽ വൈദഗ്ധ്യത്തോടെ ചെയ്യാൻ കഴിയുന്നു എന്നത് അഭിമാനകരമായ കാര്യമാണ്.

## നിഷിൽ ബധിരവാരാഘോഷം

അന്താരാഷ്ട്ര ബധിര വാരാഘോഷത്തോടനുബന്ധിച്ച് സെപ്റ്റംബർ 23 മുതൽ ഒരാഴ്ച നീണ്ടുനിൽക്കുന്ന ആഘോഷ പരിപാടികൾ നിഷ് സംഘടിപ്പിക്കുന്നു. ഭിന്നശേഷിക്കാരെ ഉൾക്കൊള്ളുന്ന സമൂഹത്തെ പടുത്തുയർത്തുന്നതിനും വൈവിധ്യങ്ങളെ ആഘോഷിക്കുന്നതിനുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. സെപ്റ്റംബർ 23 അന്താരാഷ്ട്ര ആംഗ്യഭാഷാ ദിനം കൂടിയാണ്. അർബൻ ജാസ് ഡാൻസ് കമ്പനിയുടെ ആകർഷകമായ നൃത്ത ശിൽപശാലയോടെയാണ് ആഘോഷപരിപാടികൾ ആരംഭിച്ചത്. ബധിര സംസ്കാരവും ജാസ്, നഗരതെരുവ് നൃത്തത്തിന്റെ സംയോജനവും എന്ന വിഷയത്തെക്കുറിച്ചായിരുന്നു ഡാൻസ് കമ്പനി ശിൽപശാല നടത്തിയത്. നൃത്തവും ആംഗ്യഭാഷയും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് കാണിക്കുന്ന ഒരു ഹാൻഡ് ഓൺ സെഷനും നടന്നു. സെപ്റ്റംബർ 24 ന് വിദ്യാർഥികളും ജീവനക്കാരും പങ്കെടുക്കുന്ന ആംഗ്യഭാഷാ അവബോധപരിപാടി നടക്കും. തിരുവനന്തപുരം ലയൺസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 25 ന് കനകക്കുന്ന് മുതൽ കവടിയാർ വരെ വാക്കത്തോൺ സംഘടിപ്പിക്കും. വാക്കത്തോണിനെത്തുടർന്ന് നിഷിൽ വിവിധ ആരോഗ്യ പരിശോധനകൾ അടങ്ങിയ സൗജന്യ മെഡിക്കൽ ക്യാമ്പ് രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 വരെ നടക്കും. കലാകായിക മത്സരങ്ങൾ, വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ നിഷ്‌ലെ ഫൈൻ ആർട്സ് വിദ്യാർഥികളുടെ ചിത്രപ്രദർശനം എന്നിവ ആഘോഷപരിപാടികളുടെ ഭാഗമായുണ്ട്.

## ടെണ്ടർ ക്ഷണിച്ചു

തിരുവനന്തപുരം വനിത പ്രൊട്ടക്ഷൻ ഓഫീസിന്റെ ആവശ്യത്തിന് കരാർ അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിന് താൽപ്പര്യമുള്ള വ്യക്തികൾ/ഏജൻസികളിൽ നിന്നും ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 4ന് ഉച്ചക്ക് 2 മണി വരെ. കൂടുതൽ വിവരങ്ങൾ വനിതാ പ്രൊട്ടക്ഷൻ ഓഫീസിൽ നിന്നും എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10.15 മുതൽ വൈകുന്നേരം 5.15 വരെയുള്ള സമയങ്ങളിൽ നേരിട്ട് ലഭിക്കുന്നതാണ്.

# കാട്ടുപന്നി ശല്യം പരിഹരിക്കുന്നതിനായി പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കും : മന്ത്രി എ.കെ. ശശീന്ദ്രൻ

സംസ്ഥാനത്ത് കാട്ടുപന്നി ശല്യം രൂക്ഷമായ പ്രദേശങ്ങളിൽ അവയെ വെടിവെയ്ക്കാൻ വൈദഗ്ധ്യമുള്ളവരെ ഉൾപ്പെടുത്തി പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കാനും അവയുടെ പ്രവർത്തനം ഫലപ്രദമായി നടപ്പിലാക്കാനും നടപടി സ്വീകരിക്കുമെന്ന് വനം മന്ത്രി എ.കെ.ശശീന്ദ്രൻ പറഞ്ഞു. ഇതിന് മുന്നോടിയായി കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ഒക്ടോബർ മൂന്നിന് മന്ത്രി ഉന്നതതല യോഗം വിളിച്ചിട്ടുണ്ട്. ജനവാസ മേഖലയിൽ ഇറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവച്ചു കൊല്ലാൻ വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥരെയും താൽപര്യമുള്ള ആളുകളെയും ലഭ്യമാകുന്നില്ല എന്ന പ്രശ്നം ഉയർന്ന സാഹചര്യത്തിലാണ് പ്രത്യേക സ്ക്വാഡ് രൂപീകരിക്കുന്ന കാര്യം വനം വകുപ്പ് പരിശോധിക്കുന്നത്. ഫണ്ടിന്റെ ലഭ്യത കുറവ് കാരണം തുച്ഛമായ പ്രതിഫലം നൽകുന്നതും മറ്റൊരു പ്രശ്നമാണ്. വെടിവെക്കാൻ വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥർ, വിവിധ വകുപ്പുകളിലെ സർവ്വീസിൽ നിന്നും വിരമിച്ചവർ, വിരമിച്ച ജവാന്മാർ, റൈഫിൾ ക്ലബ്ബിൽ അംഗങ്ങളായിട്ടുള്ളവർ തുടങ്ങി ഇതിൽ താൽപര്യമുള്ളവരെ ഉൾപ്പെടുത്തി സ്ക്വാഡ് രൂപീകരിക്കാനാണ് ആലോചിക്കുന്നത്. സന്നദ്ധ സംഘടനകളുടെ സഹകരണവും പരിശോധിക്കുന്നതാണ്. ജനവാസ മേഖലയിലിറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ കൊല്ലുന്നതിന് അനുമതി നൽകാനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപന അധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കും നൽകി വനം വകുപ്പ് നേരത്തെ ഉത്തരവിറക്കിയിരുന്നു. കാട്ടുപന്നികളെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കാൻ കേന്ദ്ര സർക്കാരിന് മാത്രമാണ് അധികാരം. ഈ അധികാരം ഉപയോഗിച്ച് വിജ്ഞാപനം പുറപ്പെടുവിക്കാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാറിനോട് നിരവധി തവണ ആവശ്യപ്പെട്ടെങ്കിലും അനുമതി നൽകാത്ത സാഹചര്യത്തിലാണ് ഇത്തരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകി സംസ്ഥാന സർക്കാർ ഉത്തരവിറക്കിയത്. എന്നാൽ വെടിവെയ്ക്കാൻ വൈദഗ്ധ്യമുള്ളവരുടെ അഭാവം ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിലാണ് പ്രത്യേക സ്ക്വാഡ് രൂപീകരിക്കാൻ വനം വകുപ്പ് ആലോചിക്കുന്നത്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

